# ജോർജ്ജിയൻ വോയ്സ്

# GEORGIAN VOICE

ലക്കം 2 | മാർച്ച് 2011 | പുസ്തകം 6



## മദ്ധ്യസ്ഥതയുടെ നിറകുടം

യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം
സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
കരിങ്ങാച്ചിറ

# മാർച്ചിലെ വിശേഷ ദിവസങ്ങളും ഓർമ്മ ദിവസങ്ങളും

3 കാലസ്തിനോസ് പാത്രിയർക്കീസ്

5 ഏകാന്തവാസിയായ മാർക്കോസ് പാലസ്തീൻ കാരനായ മോർ ഗാർസിമോസ് (എഡി 476)

6 കടവിൽ പൗലോസ് മോർ അത്താനാസിയോസ് (ചെറിയ വാപ്പലശേരി) കൊത്ത്നെഞായർ

7 വലിയ നോമ്പാരംഭം, ഓബഗേസ് (എഡി 460 –538) വൈദ്യനായ യൂലിയാനോസ് (26–30)

8 ബർഹാദ് ശാബോ (എഡി 338) സുവിശേഷകനായ ഹേർമാസ് (എഡി 338)

9 അമ്പാട്ട് മോർ കൂറിലോസ് (അങ്കമാലി) സെബസ്ത്യായിലെ 40 സഹദേന്മാർ, തെഗ്രീസിലെ മാറുസ

10 തൈഗ്രീസിലെമ ഫ്രിയാന,േ മാർമ ാറൂഫാ (എഡി 649) എദേസായിലെ അബ്ഗാർ (എഡി 65) രാജാവിന്റെ ഓർമ്മ

13 കപ്രോസിലെ മോർ എപ്പിപ്പാനോസ് (എഡി 402)

13 40 സഹദേൻമാരുടെ ഓർമ്മ

13 ഗർബോ ഞായർ (കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നത്)

15 നാവു മുറിക്കപ്പെട്ടിട്ടും സംസാരിച്ച റോമനോസ്

16 ഒമീദുകാരനും ഏകാന്തവാസിയുമായ മോർ സേവീറേ

17 പൗലോസ് മോർ സേവേറിയോസ് (കുന്നംകുളം സിംഹാസനപള്ളി 1962) രക്തസാക്ഷിയായ അലക്സിനോസ് ഊർശേമിലെ മോർ കൂറിലോസ്

18 മോർ അബ്രാഹേം (എഡി 500)

19 അന്ത്യോഖ്യാ പ്രതിനിധി പുണ്യവാനായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവ (കുന്നംകുളം എഡി 1930)

20 മ്ശറ്യോ ഞായർ (തളർവാദരോഗിയെ സൗഖ്യമാക്കുന്നത്)

21 കുരിയാക്കോസ് മോർ കൂറിലോസ് (അടൂർ)

23 റ്റെല്ലാക്കാരൻ തോമാ ദെസ്തുനെ

24 മോർ തോമ കണ്ടനാട് (കണ്ടനാട് 1728)

25 വി. കന്യകമറിയാമിനോടുള്ള വചനിപ്പ് പെരുന്നാൾ

26 ഏലീശാ പ്രവാചകൻ

27 ക്നാനൈത്തോ ഞായർ (ക്നാനായക്കാരിയുടെ മകളെ സൗഖ്യമാക്കിയത്)

30 മർക്കോസ് എപ്പിസ്കോപ്പ, കൂറിലോസ് ശെമ്മാശൻ രക്തസാക്ഷിണിയായ ഈയാറിയ (പാതിനോമ്പ്)

31 യൂഹാനോൻ എപ്പിസ്കോപ്പ പ്രവാചകനായ മോർ യെഹസ്ക്കീയേൽ

**ആറന്മുള പൊന്നമ്മയ്ക്ക് ആദരഞ്ജലികൾ**






## ഇതളുകൾ വിരിയുമ്പോൾ


- "നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ നൽകുക'
- നോമ്പ് ദൈവാനുഭവത്തിന്റെ ദിനങ്ങൾ
- വചനിപ്പ് പെരുന്നാൾ - സൂബോറൊ - മാർച്ച് 25
- നാഥന്റെ മരണമൊഴി ക്ഷമാപൂർവം...
- കുരിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത
- സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ
- മുതിർന്ന തലമുറയുടെ സംഗമം ആഘോഷിച്ചു
- ഇടവക കലണ്ടർ
- വിഞ്ജാനകൗതുകം

**ജോർജ്ജിയൻ വോയ്സ്**

**മാർച്ച് 2011**

**ചെയർമാൻ**

റവ. ഫാ. ജേക്കബ് കുരുവിള

**വൈസ് ചെയർമാൻ**

റവ.ഫാ. കുര്യാക്കോസ് കണിയത്ത്

റവ.ഫാ. ബേസിൽ ബേബി

**ഉപദേശക സമിതി**

റവ.ഫാ. വർഗീസ് പുലയത്ത്

റവ. ഫാ. സഖറിയ ഓണേരിൽ

**മാനേജിംഗ് എഡിറ്റർ**

റവ.ഫാ. സെബുപോൾ

**ചീഫ് എഡിറ്റർ**

ബൈജു മാത്താറ

**പ്രിന്റർ & പബ്ലിഷർ**

ജിമ്മി കാവര

**സബ് എഡിറ്റേഴ്സ്**


കെ.പി. ഏലിയാസ്

രൻജി പോൾ

ഷൈജു പി.കെ.

**സർക്കുലേഷൻ മാനേജർ**

ലിജു പി.വി.



**ചീഫ് എഡിറ്റർ**

**ജോർജ്ജിയൻ വോയ്സ്**

**സെന്റ് ജോർജ്ജ് കത്തീഡ്രൽ**

**കരിങ്ങാച്ചിറ – 682 309**

E-mail: georgianvoices@gmail.com



പ്രതികരണ ശേഷി നഷ്ടപ്പെട്ട ഒരു തലമുറയിലാണ് നാം ഇന്നു ജീവിക്കുന്നത്. സ്വന്തം കാര്യം അല്ലെങ്കിൽ സ്വന്തം കുടുംബത്തിന്റെ കാര്യം അതിലപ്പുറം ചിന്തിക്കാൻ മലയാളിക്കു മടിയായിരിക്കുകയാണ്. ഇതിന് ഒരു ഉദാഹരമാണ് സൗമ്യ. ട്രെയ്നിൽ നിന്നും അക്രമി തള്ളിയിട്ട ശേഷം ക്രൂരമായി മർദ്ദിച്ചു ബലാൽസംഗം ചെയ്തു കൊന്ന പെൺകുട്ടി. അധികൃതരും സഹയാത്രികരും ഒന്ന് ഉണർന്നു പ്രവർത്തിച്ചെങ്കിലും കേരളത്തിന്റെ മനസാക്ഷിയെ ഞെട്ടിച്ച ഈ സംഭവം നടക്കില്ലായിരുന്നു.

ട്രെയ്നിൽ നിന്നും ഒരു പെൺകുട്ടി വീഴുന്നതു സഹയാത്രികരിൽ ചിലർ കണ്ടിരുന്നു. എന്നിട്ടും ഒന്നു അപായ ചങ്ങല വലിക്കാതെ പോയവരെ എന്തുപറയാം. ഒരു കുടുംബത്തിന്റെ സ്വപ്നമാണ് അവർ ഇല്ലാതാക്കിയത്. വിവാഹ സ്വപ്നങ്ങളുമായി ജോലി ചെയ്യുന്ന കൊച്ചിയിലെ സ്ഥാപനത്തിൽ നിന്നും വീട്ടിലേക്കു വണ്ടി കയറിയ ഈ പെൺകുട്ടി ഒരു രക്തസാക്ഷിയാണ്. പ്രതികരിക്കാൻ മടിക്കുന്ന മലയാളിയുടെ മുന്നിൽ, സ്വന്തം ജോലി യഥാസമയത്തു ചെയ്യാത്ത അധികാരുടെ മുന്നിൽ അവൾ എന്നും രക്തസാക്ഷിയായിരിക്കും.

വാഹനാപകടങ്ങളും മറ്റും നടന്നു പരിക്കുപറ്റി റോഡിൽ കിടക്കുന്നവരുടെ പടം മൊബൈൽ ഫോൺ ക്യാമറയിൽ പകർത്താൻ മത്സരിക്കുന്ന നാം അവരെ ഒന്ന് ആശുപത്രിയിൽ എത്തിക്കാൻ മെനക്കെടാറില്ല. ഒരു നിമിഷം നാമൊന്നു മെനക്കെട്ടാൽ ചിലപ്പോൾ രക്ഷപ്പെടുന്നത് ഒരു ജീവിതമായിരിക്കും. ഒരു കുടുംബത്തിന്റെ സ്വപ്നമായിരിക്കും, അത്താണിയായിരിക്കും. ഇത്തരം ദുരന്തങ്ങൾ സ്വന്തം കുടുംബത്തിൽ വരുമ്പോൾ മാത്രമേ നാം അതിന്റെ വിലയറിയൂ.

സമൂഹത്തിലെ ഒരു കാര്യത്തിലും ശ്രദ്ധിക്കാതെ തന്റെ വീടിന്റെ ചുമരുകൾക്കുള്ളിൽ മാത്രം ജീവിക്കുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. ഫ്ളാറ്റുകളുടെ ചുമരുകൾക്കുള്ളിൽ ജീവിക്കുന്നവർ സമൂഹത്തിന്റെ സ്പന്ദനങ്ങൾ മനസിലാക്കുന്നില്ല. നമ്മുടെ കുട്ടികളെയും ഇങ്ങനെയാണു വളർത്തുന്ന്ത്. സംഘടനാശക്തിയുടെയും സുഹൃത്ത് ബന്ധത്തിന്റെയും വില ഇന്നത്തെ തലമുറയിലെ മിക്ക കുട്ടികൾക്കും അറിയില്ല. അതിനാൽ ചെറുപ്പത്തിൽ തന്നെയുള്ള ആത്മഹത്യകളും, രോഗങ്ങളും വർധിക്കുന്നു. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധവും ഇത്തരത്തിൽ തന്നെയാണ്. ഒന്നിനും കൊള്ളാത്ത ഒരു തലമുറയെ സൃഷ്ടിക്കാൻ മാത്രമേ ഇത്തരം ജീവിത രീതി നമ്മെ സഹായിക്കൂ.

നാം പരസ്പരം സഹായിച്ചു വളർന്നാൽ മാത്രമേ നമ്മുടെ കുട്ടികളും ഈ പാത പിൻതുടരൂ. നല്ല ഒരു രാജ്യം കെട്ടിപ്പടുക്കാൻ നല്ല ഒരു സമൂഹത്തെ ആവശ്യമാണ്. നല്ല സമൂഹം കെട്ടിപ്പടുക്കാൻ നിന്നെ പ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം. ഈ വാക്യം ജീവിതത്തിൽ പകർത്തേണ്ടത് അത്യാവശ്യമാണ്.



ഡോ. കുര്യാക്കോസ് മോർ
തെയോഫീലോസ് മെത്രാപ്പോലീത്ത

# "നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ നൽകുക"



ഇതിന് ഒരു മാറ്റം സാധിക്കുന്നത് വ്യവസ്ഥിതിയുടെ പരിവർത്തനത്തിലൂടെയാണ്. അത് സാധിതമാകുന്നത് ജനം സംഘടിക്കുകയും, ജനമുന്നേറ്റത്തിലൂടെയുമാണ്. ചിലപ്പോൾ 'രാഷ്ട്രീയ ഇടപെടലുകളും' ആവശ്യമായി വന്നേക്കാം. ഈ ലോകത്തിലെ രാഷ്ട്രീയ വ്യവസ്ഥിതകളും, സാമൂഹ്യ ഘടനകളും പൂർത്തീകരണ ലക്ഷ്യമാക്കി നീങ്ങുന്ന ദൈവരാജ്യത്തിന്റെഅ പൂർണ്ണരൂപമായതുകൊണ്ട്,ന ിലവിലുള്ളവ വ്യവസ്ഥിതികൾ ദൈവരാജ്യ മൂല്യങ്ങളായ നീതി, സ്നേഹം, സമാധാനം, ഇവയിലധിഷ്ഠിതമായവയെന്ന് ഉറപ്പു വരുത്തേണ്ടത് ക്രൈസ്തവ ധർമ്മവും, മനുഷ്യ ധർമ്മവുമാണ്.

**ക്രിസ്തീയ പ്രതികരണം**

ദൈവം ലോകസൃഷ്ടി നടത്തുമ്പോൾ ലോകത്തിലെ സകലചരാചരങ്ങളുടേയും ക്ഷേമം ഉറപ്പുവരുത്തുന്നു. മനുഷ്യനിൽനിന്നും, പ്രകൃതിയിൽനിന്നും, പരസ്പര ആശ്രയത്തിലും, സഹകരണത്തിലും അടിസ്ഥാനപ്പെട്ട ഒരു ഉപയോഗ ക്രമമാണ് ദൈവം പ്രതീക്ഷിക്കുന്നത്. സകലതിനും ആഹരിക്കുവാനുമുള്ള വിഭവങ്ങളും പ്രകൃതി നൽകുന്നു. എന്നാൽ ആവശ്യത്തിനു പകരം, അത്യാഗ്രഹം മനുഷ്യനെഭരിക്കുമ്പോൾ, തന്റെ അത്യാഗ്രഹത്തെ പരിപോഷിപ്പിക്കുന്നതിന് മറ്റൊരുവന്റെ ആവശ്യത്തെ നിഷേധിക്കുവാൻ മനുഷ്യൻ നിർബന്ധിതനായി ത്തീരുന്നു. അവിടെ മനുഷ്യൻ ദൈവം കേന്ദ്രമായ ഒരു ജീവിതത്തിൽ നിന്നും, സ്വയവും, സ്വർത്ഥതയും കേന്ദ്രമായുള്ള ഒരു ജീവിതത്തിലേയ്ക്ക് മാറ്റപ്പെടും. ദൈവവും-മനുഷ്യനും-പ്രകൃതിയും തമ്മിലുള്ള ഈ ബന്ധം അഭേദ്യമായി ഒരു ചങ്ങലയിൽ കോർത്തിണക്കപ്പെട്ടിരിക്കുമ്പോൾ ഒന്നിലുള്ള വിവേചനം മറ്റുള്ളതിൽനിന്നും അന്യമാക്കി തീർക്കുന്നതുപോലെ, സ്വാർത്ഥനായി തീരുന്ന മനുഷ്യനോട് പ്രകൃതിയും പ്രതികൂലമായി പ്രതികരിക്കും. ഇതേപ്രകൃതി, മനുഷ്യൻ ദൈവത്തോടും, സഹസൃഷ്ടിയോടും ചേർന്നിരിക്കുമ്പോൾ മനുഷ്യവിമോചനത്തിന് പങ്കു ചേർന്നവളാണ് എന്നത് ഓർക്കുക. (പുറ 20:14-3). സ്വാർത്ഥമതിയായിതീരുന്ന മനുഷ്യന്റെ ക്രൂരമായ ചൂഷണത്തിന് മൂകപ്രകൃതിയും, ഇരയാവുകയും, സാക്ഷ്യം വഹിക്കേണ്ടി വരികയും ചെയ്യുന്ന പശ്ചാത്തലത്തിലും, പലപ്പോഴും പ്രകൃതിയുടെ പ്രതികരണത്തിന്റെ പ്രത്യാഘ്യാതങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത് ദരിദ്രനും താഴെക്കിടയിലുള്ളവനുമാണ്. ഇവിടെ ചൂഷണം എന്നത് ജീവിതചര്യയായി മാറുകയാണ്. പഴയ നിയമത്തിൽ ഇതുപോലുള്ള സാഹചര്യങ്ങളിൽ ചരിത്രത്തിൽ ദൈവത്തിന്റെ വിമോചനത്തിനായുള്ള ഇടപെടലുകൾ വ്യക്തമാണ്. ധനസമ്പാദനവും, സാധുജനപീഢയും, സമൂഹത്തിൽ വർദ്ധിക്കുമ്പോൾ പ്രവാചകരിലൂടെയും, നിയമാവലികളിലൂടെയും യഹോവ ശക്തിയായി പ്രതികരിക്കുന്നു. ശാബതു വർഷാചരണവും, ജൂബിലി വർഷാചണവും ഇതിന്റെ ഭാഗങ്ങളാണ്. ദൈവീക ഭവനത്തിൽ ദാരിദ്ര്യമോ, അടിമത്വമോ, ചൂഷണമോ, ഉണ്ടാകാൻ പാടില്ല. അങ്ങനെസംഭവിച്ചാൽ അതിനർത്ഥം അത് സൃഷ്ടിക്കുന്നവൻ ദൈവഹിതത്തിനെതിരാണെന്നാണ്. ആ പരിസ്ഥിതിയിലാണ് പ്രതികരണത്തിന്റെ ആവശ്യമുണ്ടാകുന്നത്. ഈ പ്രതികരണം സഹനത്തിന്റെയും സ്വ പരിത്യാഗത്തിന്റെയും ഉദാത്ത മാതൃകയിലൂടെ ക്രിസ്തു കാണിച്ചു തരുന്നു. അതോടൊപ്പം മനുഷ്യത്വവും, നീതിയും നിർദയം ചവിട്ടി മെതിക്കപ്പെടുന്നിടത്ത് നീതിക്കായി, മനുഷ്യത്വത്തിനായി ചൂഷണ വിമുക്തമായ ഒരു സമൂഹത്തിനായി ഒരു അവസാനഉപാധിയായെന്ന നിലക്ക് 'ചാട്ട'യും ഉപയോഗപ്പെടുത്തുന്നുണ്ട്. അതും ചൂഷകന്റെയും ചൂഷിതന്റെയും,ധ നികന്റെയും,ദ രിദ്രന്റെയുംവ ിമോചനത്തിനും സകല സൃഷ്ടിയുടെയും സമഷ്ടതക്കും വേണ്ടിയാകുന്നു. ഡോ. കെ.സി. അബ്രാഹമിന്റെ ഭാഷയിൽ ഇന്നാവശ്യം: Need against greed, enabling power against dominating power conservation against consumerism integnity of creation against exploitations of Nature എന്ന ജീവിത ശൈലിയാണ്.

ഇവയുടെയെല്ലാം വെളിച്ചത്തിൽ "നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുക്കുവിൻ എന്നുള്ള ആഹ്വാനം വളരെ അർത്ഥപൂർണ്ണമാണ്. ക്രിസ്തു ഈ ദൗത്യം തന്റെ ശരീരമായ സഭയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ ആഹ്വാനത്തോടുള്ള നമ്മുടെ പ്രതികരണം വ്യക്തമാക്കുവാൻ, ഇന്നത്തെ ഭരതത്തിന്റെ, ഭാരത സഭയുടെ പ്രത്യക പശ്ചാത്തലത്തിൽ താഴെ കൊടുക്കുന്ന ശീർഷകങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

'ദാരിദ്ര്യവും' ഭാരതത്തിലെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ഘടനയും.

ദാരിദ്രത്തോടുള്ള സഭയുടെ സമീപനവും വേദപുസ്തകപരമായും, ദൈവ ശാസ്ത്രപരമായുമുള്ള പ്രതികരണവും.

ദാരിദ്ര്യംഎ ങ്ങനെപ്രകൃതിയെയും,പ രിസ്ഥിതി,പ്ര ശ്നങ്ങളേയും ബാധിക്കുമെന്നും വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

മനുഷ്യവർഗ്ഗത്തിനും സൃഷ്ടി മുഴുവന്റെയും നിലനിൽപ്പിന് ഭീഷണിയായിന ിൽക്കുന്ന' ദാരിദ്ര്യം'എ ന്നപ ിശാചിനോട് ക്രിയാത്മകമായി പ്രതികരിക്കുവാനും, വ്യക്തമായ ചിന്തകൾക്കും ശക്തമായ കർമ്മ പരിപാടികൾക്കും രൂപം കൊടുക്കുവാനും, ഈ ലേഖനം ഒരു ചെറുതിരി നാളമായി തീരട്ടെ എന്ന് പ്രത്യാശിക്കുന്നു.

അവസാനിച്ചു.



# നോമ്പ്
## ദൈവാനുഭവത്തിന്റെ ദിനങ്ങൾ



**സക്കറിയാസ് മോർ പീലക്സിനോസ്**
മെത്രാപ്പോലീത്ത

നോമ്പ് എന്ന വാക്ക് കേൾക്കുമ്പോൾ മനസ്സിലേയ്ക്ക് ഓടിയെത്തുന്നത് ചില ക്രമീകരണങ്ങളെക്കുറിച്ചും നിബന്ധനകളെക്കുറിച്ചുമാണ്. പാലിച്ചു വരുന്ന ശീലങ്ങളും ഇഷ്ടങ്ങളും മാറ്റിവച്ച് മറ്റൊരു ശൈലിയിലുള്ള ജീവിത കാലഘട്ടമാണല്ലോ നോമ്പ്. വ്യക്തി ശുദ്ധീകരണത്തിന് എല്ലാ മതങ്ങളും ഒരുപോലെ അനുശാസിക്കുന്ന ഒന്നാണ് നോമ്പ്. അതുകൊണ്ടുതന്നെ ക്രിസ്തീയ മതവും ഏറെ പ്രാധാന്യത്തോടെയാണ് നോമ്പിനെകാണുന്നത്. പരി. യാക്കോബായ സുറിയാനി സഭയിൽ പ്രധാനമായും അഞ്ച് നോമ്പുകളാണുള്ളത്, യൽദോ നോമ്പ്, നിനവെ നോമ്പ്, വലിയ നോമ്പ്, ശ്ലീഹാ നോമ്പ്, ശൂനോയൊ നോമ്പ് അതോടൊപ്പം മറ്റ് ബുധൻ, വെള്ളി ദിവസങ്ങളും പരി. സഭ നോമ്പ് ദിവസങ്ങളായി നിഷ്കർഷിച്ചിരിക്കുന്നു. ഇങ്ങനെഒരു വർഷത്തിന്റെ മൂന്നിൽ ഒരു ഭാഗം ദിവസങ്ങളും നോമ്പ് ദിവസങ്ങളായി ക്രമീകരിച്ചിരിക്കുന്നതിൽ നിന്നും മനുഷ്യജീവിതത്തിൽ നോമ്പിന്റെ പ്രാധാന്യം പരി. സഭ വ്യക്തമാക്കുന്നു.

മനുഷ്യന് ദൈവവുമായി അനുരൂപപ്പെടുവാനുള്ള അവസരമാണ് നോമ്പിലൂടെ സജ്ജമാകുന്നത്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടി തന്റെ മഹിമാവസ്ഥകളെല്ലാം ഉപേക്ഷിച്ച് ദാസവേഷം സ്വീകരിച്ച് ക്രൂശിലെ മരണത്തോളം യേശുതമ്പുരാൻ തന്നെ ഏല്പിച്ചുകൊടുത്തു (ഫിലിഷ്യർ 2:6). ഇങ്ങനെസകലർക്കും വേണ്ടി ബലിയായിത്തീർന്നുകൊണ്ട് പാപത്തിലാണ്ടുപോയ മനുഷ്യവംശത്തിന് രക്ഷയെ സാധ്യമാക്കിക്കൊടുത്തു. ഈ രക്ഷയിലേയ്ക്കുള്ള അടുത്തുവരവാണ് ഓരോ നോമ്പനുഷ്ഠാനത്തിൽ കൂടിയും വ്യക്തി ജീവിതത്തിൽ ഉണ്ടാകേണ്ടത്. ചില ഭക്ഷണപദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് നോമ്പ് പൂർണ്ണമാകുന്നില്ല. ആർഭാടമായ ജീവിതത്തിൽ നിന്ന് മാറി എളിയ ജീവിതം നയിക്കുകയും ഇല്ലാത്തവരോട് കൂടെ പങ്കുവയ്ക്കുകയും ചെയ്യുമ്പോളാണ് നോമ്പ് പൂർണ്ണതയിലേയ്ക്ക് എത്തുന്നത്. അപ്പോൾ യെശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിചെയ്ത യഥാർത്ഥമായ നോമ്പിന്റേയും ഉപവാസത്തിന്റേയും അവസ്ഥയിലേയ്ക്ക് എത്തിച്ചേരുവാൻ സാധിക്കും. "വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ തന്റെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ, നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും, നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക." നോമ്പിൽ ഓരോ വ്യക്തിയും തന്റെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും അനുഷ്ഠിക്കേണ്ട സംഗതികളെക്കുറിച്ചും വളരെ വ്യക്തമായി ഇവിടെ പ്രസ്താവിക്കുകയാണ് അപ്പോൾ പ്രാർത്ഥിക്കുവാനുള്ള ശക്തി അധരങ്ങൾക്കും പ്രവർത്തിക്കുവാനുള്ള ശക്തി കരങ്ങൾക്കും ആർജ്ജിക്കുകയാണ് നോമ്പിൽ കൂടെ ഒരു വ്യക്തി ചെയ്യേണ്ടുന്നത്.

ഇന്ന് വർദ്ധിച്ചുവരുന്ന ഫാസ്റ്റ് ഫുഡ് സംസ്കാരവും ജീവിത രീതികളും മനുഷ്യനെമാരകമായ രോഗങ്ങൾക്ക് അടിമയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ക്രമീകൃതമായ ജീവിതശൈലികൾക്കും ദൈവീകമായ കൂട്ടായ്മയ്ക്കും ഏറെ സ്ഥാനമുണ്ട്. ക്രിസ്തീയ ജീവിതം എന്നത് തന്നെ ചിട്ടയായ ഒരു ജീവിതത്തിലേയ്ക്കുള്ള ആഹ്വാനമാണ്. ഒരു യഥാർത്ഥ

ക്രിസ്ത്യാനിയുടെ ജീവിതമെന്നത് ദൈവത്തോട് ചേർന്നു നിൽക്കുന്നതും ദൈവീകമായ ചര്യകളെ ജീവിതത്തിൽ പകർത്തുക എന്നുള്ളതുമാണ്. ഇതിന് ഓരോ വ്യക്തിയ്ക്കും മാതൃകയാകേണ്ടത് ദൈവപുത്രനായ യേശുതമ്പുരാൻ തന്നെയാണ്. തന്റെ ദൈവീകാധികാരങ്ങളെ തന്റെ ആഗ്രഹത്തിനു വേണ്ടിയല്ല എന്നാൽ പിതാവിന്റെ ഇഷ്ടപ്രകാരം എളിയവർക്കും ദരിദ്രർക്കും ആവശ്യക്കാർക്കും പങ്കുവെച്ച് നൽകുകയാണ് തന്റെ അവസാനതുള്ളി രക്തം വരെയും നൽകിക്കൊണ്ട് യേശുതമ്പുരാൻ ചെയ്തത് തന്റെ ശുശ്രൂഷാ കാലയളവിൽ യേശു ക്രിസ്തു അപരന്റെ ഇല്ലായ്മകളിലേയ്ക്കും വേദനകളിലേയ്ക്കും സഹായഹസ്തവുമായി കടന്നു ചെല്ലുകയും അവരെ സംതൃപ്തിയിലേയ്ക്ക് നയിക്കുകയും ചെയ്തതായി വചനത്തിൽ കൂടി നാം മനസ്സിലാക്കുന്നു. എന്നാൽ ക്രിസ്തുമാർഗ്ഗത്തെ പിൻതുടരുന്നു എന്ന് അവകാശപ്പെടുന്ന നമുക്ക് ക്രിസ്തുനാഥന്റെ ഇത്തരം ജീവിതചര്യകളോടുള്ള പ്രതികരണം എന്താണ്? ഓരോ നോമ്പനുഷ്ഠാനത്തിലും യേശുതമ്പുരാൻ മരുഭൂമിയിൽ വച്ച് അനുഷ്ഠിച്ച നോമ്പും ഉപവാസവും നമുക്ക് മാതൃകയാകേണ്ടിയിരിക്കുന്നു.

തീവ്രമായ ഉപവാസത്തിലും ദൈവീകമായ സംസർഗ്ഗത്തിലുമായിരുന്ന ദൈവപുത്രന്റെ അടുക്കൽ ഉണ്ടായ പരീക്ഷണങ്ങൾ നമ്മുടെ ക്രിസ്തീയ ജീവിതത്തിലും പ്രാധാന്യമുള്ളവ തന്നെയാണ്. മൂന്ന് രീതിയിലുള്ള പരീക്ഷണങ്ങളാണ് ഇവിടെ നാം ദർശിക്കുന്നത്. (1) സ്വാർത്ഥമായ ആഗ്രഹങ്ങളോട് ഒരു വ്യക്തിയുടെ നിലപാട്. പരീക്ഷകൻ യേശുവിന്റെ ദൈവീകമായ അധികാരങ്ങൾ ഉപയോഗിച്ച് കല്ലുകൾ അപ്പമാക്കിത്തീർത്ത് വിശപ്പടക്കുവാനുള്ള മാർഗ്ഗം ഉപദേശിക്കുന്നതായികാണാം. എന്നാൽ സ്വന്ത ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് തന്നിലുള്ള അധികാരങ്ങൾ ഉപയോഗിക്കാൻ യേശുതമ്പുരാൻ തയ്യാറാകുന്നില്ല. പക്ഷേ, തന്റെ പരസ്യശുശ്രൂഷ കാലയളവിൽ ജനത്തിന് വിശന്നപ്പോൾ അപ്പം വർദ്ധിപ്പിച്ചു നൽകിക്കൊണ്ട് ഓരോ മനുഷ്യനും ലഭിച്ചിട്ടുള്ള അധികാരങ്ങളും അനുഗ്രഹങ്ങളും എപ്രകാരം പ്രയോജനപ്പെടുത്തണമെന്ന് യേശു പഠിപ്പിക്കുകയും ചെയ്തു. (2) ആത്മസംയമനം: തന്റെ കാൽകല്ലിൽ തട്ടാതെ താങ്ങിക്കൊള്ളുമെന്ന് പറഞ്ഞ് പരീക്ഷകൻ യേശുവിന്റെ ദൈവീകാവകാശങ്ങളെയാണ് ഇവിടെ ചോദ്യം ചെയ്യുവാൻ ശ്രമിക്കുന്നത്. ദൈവീകമായ അവകാശങ്ങളും വാഗ്ദത്തങ്ങളും ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങളായി മനസ്സിലാക്കി സ്വയം വിധേയപ്പെടുത്തി കൊടുക്കുകയാണ് ക്രിസ്തീയ ദൗത്യം. അതോടൊപ്പം ജീവിതത്തിൽ പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ടാകുമ്പോൾ ദൈവത്തെ നിഷേധിക്കുവാനോ നിരാശപ്പെടുവാനോ ശ്രമിക്കാതെ ദൈവത്തോട് ചേർന്ന് നിൽക്കുകയും വേണം. (3) വെല്ലുവിളികളോടുള്ള നിലപാട്: ലോകത്തിലുള്ള സകലതും കാണിച്ചുകൊടുത്ത് അവയുടെ അധികാരത്തിനു വേണ്ടി തന്നെ നമസ്ക്കരിക്കുവാൻ പരീക്ഷകൻ ആവശ്യപ്പെടുന്നതായി കാണാം. താൽക്കാലികമായ നേട്ടങ്ങൾക്ക് വേണ്ടി ഏത് മൂല്യങ്ങളും ആദർശങ്ങളും ബലികഴിക്കുവാൻ മടികാണിക്കാത്ത ജനസംഘത്തിനുള്ള മറുപടിയാണ് യേശുതമ്പുരാൻ ഇവിടെ കൈക്കൊള്ളുന്നത്. ജീവിതത്തിൽ വെല്ലുവിളികളുണ്ടാകുമ്പോൾ അതിൽ പതറിപ്പോകാതെ മൂല്യാധിഷ്ഠിതവും ദൈവീകവുമായ കാര്യങ്ങൾക്ക് മുൻതൂക്കം നൽകി തീരുമാനങ്ങളെടുക്കുവാൻ യേശുതമ്പുരാൻ ആഹ്വാനം ചെയ്യുന്നു. നോമ്പനുഷ്ഠാനം മുഖാന്തിരമായി നിസ്വാർത്ഥതയും ആത്മസംയമനവും വെല്ലുവിളികളിൽ ധീരമായ നിലപാടും കൈക്കൊള്ളുവാൻ വ്യക്തികൾക്ക് ഇടയായിത്തീരണം. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവീകാനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന് നോമ്പ് ദിവസങ്ങൾ സാധ്യമാക്കി തീർക്കട്ടെ. ജീവിതത്തിൽ പുതിയ തീരുമാനങ്ങളെടുക്കുന്നതിനും ദൈവേഷ്ടത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വെല്ലുവിളികളെ അതിജീവിക്കുവാനുള്ള കരുത്താർജ്ജിക്കുവാനും പ്രാർത്ഥനയും ഉപവാസവും ഇട നൽകുമാറാകട്ടെ.

**1-ാം പിറന്നാൾ (08.03.2011)**



**ഹന്ന എൽസ അനൂപ്**
തൊമ്മൻകുടിയിൽ ഹൗസ്, ഇരുമ്പനം



# വചനിപ്പ് പെരുന്നാൾ - സൂബോറൊ - മാർച്ച് 25



**ഫിനഹാൻ റമ്പാൻ (ദയറായോ നാസിഹോ)**
മലേക്കുരിശ് ദയറാ

സൂബോറൊ എന്ന സുറിയാനി പദമാണ് "വചനിപ്പ്" എന്ന് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. സൂബോറൊ എന്നാൽ സുവാർത്തയുടെ അറിയിപ്പ് എന്നാണ് ശരിയായ പരിഭാഷ.

ചില സ്ത്രീകളും പുരുഷന്മാരും ജന്മസിദ്ധമായി ശിശുജന്മം നൽകുവാൻ പ്രാപ്തിയില്ലാത്തവർ ആകുന്നു. ചിലർ ഇതു വിവാഹാനന്തരമാണ് മനസ്സിലാക്കുന്നത്. ആയതിനാൽ വിവാഹാനന്തരം സന്താനലാഭമില്ലാതെ വ്യസനിച്ച് കഴിയുന്നു. എന്നാൽ സ്നേഹനിധിയായ കർത്താവ് ഈ സങ്കടാവസ്ഥക്കും പരിഹാരം നല്കുമെന്ന് തിരുവചനം ധൈര്യപ്പെടുത്തുന്നു. "വന്ധ്യയായവളെ ദൈവം ഭവനത്തിൽ മക്കളുടെ സന്തുഷ്ട മാതാവായി വസിക്കുമാറാക്കുന്നു" എന്നത്രെ വി. സങ്കീർത്തനം 113.8 -9 ൽ വാഗ്ദാനം നൽകുന്നത്. ഇതു തന്റെ അത്ഭുതകൃപയാലും സ്നേഹത്താലും ദൈവം നൽകുന്ന വലിയ ദാനമാകുന്നു. സാറാ, റിബേക്കാ, റാഹേൽ, ഹന്ന തുടങ്ങിയ ശുദ്ധിമതികൾ ജന്മനാവന്ധ്യകളായിരുന്നു. എന്നാൽ ദൈവം അവരുടെ ഈ കുറവ് പരിഹരിച്ച് അനുഗ്രഹതമക്കളെ അവർക്ക് നല്കി. അങ്ങിനെസാറാ ഇസ്ഹാക്കിനേയും റിബേക്കാ-ഏശാവ്, യാക്കോബ് എന്ന ഇരട്ട സന്താനങ്ങളേയും, റാഹേൽ-യൗസേഫ്, ബെന്യാമിൻ എന്ന രണ്ടു മക്കളേയും പ്രസവിച്ചു. ഇസ്രായേൽക്കാർ വാഗ്ദാനനാടായ കനാനിൽ പ്രവേശിപ്പിച്ചപ്പോൾ ശൗലിനെരാജാവായി വാഴിക്കുന്നതുവരെ യോശുവാ മുതൽ ശമുവേൽവരെയുള്ള കാലങ്ങളിൽ ന്യായാധിപന്മാരാണ് അവരെ ഭരിച്ചിരുന്നത്. (ആവർത്തനം 34:9, യോശുവാ 1:5, 1 ശമു 10:1) യോഹന്നാൻ സ്നാപകന്റെ മാതാവ് ഏലിശ്ബാ, (വി. ലൂക്കോസ് 1:7). ദൈവമാതാവ് നിത്യകന്യക മർത്തമറിയാമിന്റെ അമ്മ ഹന്ന എന്നിവരും വന്ധ്യകളായിരുന്നു. ദൈവം തന്റെ തിരുവിഷ്ടപ്രകാരം അവർക്കും വിശുദ്ധസന്താനങ്ങളെ നൽകി. അങ്ങിനെ ഹന്നായ്ക്ക് ശമുവേലും ഏലിശ്ബാക്ക് യോഹന്നാൻ സ്നാപകനും, യോയാക്കീം-ഹന്നാ ദമ്പതികൾക്ക് പരിശുദ്ധ നിത്യകന്യക മർത്തമറിയാമും മക്കളായി ദൈവം നൽകി. വന്ധ്യകൾക്ക് പ്രസവിപ്പാനുള്ള കഴിവ് ദൈവം തിരുമനസ്സാകുമ്പോൾ നല്കുന്നു. ഹന്നാ ആദ്യം ശമുവേലിനെപ്രസവിച്ചശേഷം വേറെ മൂന്നു പുത്രന്മാരേയും രണ്ടു പുത്രിമാരേയും പ്രസവിച്ചു. (1 ശമു 1:5-6, 2:21) ഈ അത്ഭുതദാനത്തെ സ്മരിച്ച് ഹന്നാ ഇങ്ങിനെദൈവത്തെ മഹത്വപ്പെടുത്തി. "മച്ചി ഏഴ് പ്രസവിക്കുന്നു" (1 ശമു 2:5) വി. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. വന്ധ്യാപ്രസവങ്ങൾ കൂടാതെ, ലോകത്തിൽ എക്കാലത്തും എവിടേയും വന്ധ്യകൾ പ്രസവിച്ചിട്ടുണ്ട്. പ്രസവിക്കുന്നുമുണ്ട്. മക്കൾ ജനിക്കയില്ലായെന്ന് വൈദ്യന്മാരും വിദഗ്ധ ഡോക്ടറും തീർത്തു പറഞ്ഞിട്ടും, പിന്നീട് വളരെ പ്രായമെത്തിയ സ്ത്രീകൾ പോലും പ്രസവിച്ചിട്ടുണ്ട്. മനുഷ്യ മക്കൾക്ക് ദൈവം നല്കുന്ന അത്ഭുതകൃപാദാനമത്രെ ഇത്. ഇതു ലോകാവസാനം വരെ ദൈവം ലോകമെങ്ങും തുടരുകയും ചെയ്യും.

വചനിപ്പ് പെരുന്നാൾ, ഇതിന്റെ അതുല്ല്യ മഹിമ

വചനിപ്പ് മുഖാന്തിരമായ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, വന്ധ്യപ്രസവിക്കുന്നതുപോലെയല്ല, പിന്നെയോ അത്ഭുതങ്ങളിലേക്കും വലിയ അത്ഭുതമായ ഒരേ ഒരു സംഭവമാണ്. ബാലികയായ പരിശുദ്ധ കന്യകമറിയാം യൗസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ടവളായിരിക്കെ, അവളിൽ പരിശുദ്ധാത്മ വ്യാപാരത്താൽ ഒരു അത്ഭുത ശിശുജനനം ഉണ്ടാകുമെന്ന്. വിശുദ്ധ ഗബ്രിയേൽ മാലാഖാ ദൈവനിയോഗത്താൽ അവളെ അറിയിച്ചു. മറിയാം അതു വിശ്വസിച്ച് ആവിധമുള്ള ഒരു അത്ഭുതജനനം നൽകുവാൻ സമ്മതിക്കുന്നു (വി. ലൂക്കോസ് 1:26-28). ഈ അത്ഭുതസുവാർത്ത ദൈവിക പ്രധാനമാലാഖ ഗബ്രി

യേൽ പരിശുദ്ധ കന്യകയെ അറിയിച്ചത് മാർച്ച് 25–ന് തന്നെ ആയിരുന്നു. അതുകൊണ്ട് മാർച്ച് 25 ഒരു മഹാസന്തോഷപ്പെരുന്നാളായി ആദിമുതലേ സകല പുരാതനക്രിസ്തീയ സഭകളും ആഘോഷിക്കുന്നു. ഏതെങ്കിലും വർഷം മാർച്ച് 25 ദുഃഖ വെള്ളിയാഴ്ചയായി വന്നാലും സന്തോഷപ്പെരുന്നാളായി വി. കുർബ്ബാനഅർപ്പിച്ചതിനുശേഷം മാത്രമേ, ദുഃഖ വെള്ളിയാഴ്ചയുടെ പ്രാർത്ഥനകൾ ആരംഭിക്കുവാൻ പാടുള്ളൂ, എന്നാണ് പരിശുദ്ധാത്മാവിൽ ആദികാലം മുതലേ പരിശുദ്ധ പിതാക്കന്മാർ അനുശാസിച്ചിരിക്കുന്നത്.

കന്യകാ ജനനമെന്നാൽ, കന്യക, കന്യകയായിത്തന്നെ ഗർഭിണിയാകുകയും ശിശുവിനെഒമ്പതു മാസം തികയുമ്പോൾ പ്രസവിക്കുകയും ചെയ്യുന്ന മഹാ ആശ്ചര്യമത്രെ. അങ്ങിനെഒരേ ഒരു പ്രസവമേ ലോകത്തിൽ സംഭവിച്ചിട്ടുള്ളൂ. അതു പരിശുദ്ധ മാതാവ് കർത്താവായ യേശുവിനെപ്രസവിച്ച സംഭവമാണ്. അങ്ങിനെയാണ് നാം ഡിസംബർ 25–ന് ക്രിസ്തുമസ് ആഘോഷിക്കുന്നത്. നിരീശ്വരന്മാർപോലും ലോകമൊട്ടുക്കും ലോകരക്ഷകന്റെ ജനനപ്പെരുന്നാൾ ഡിസംബർ 25–ന് ആഘോഷിക്കുന്നു. ചിലർ കർത്താവിന്റെ ജന്മദിനം എന്നായിരുന്നുവെന്ന് അറിഞ്ഞുകൂടാ എന്ന് എഴുതിവിടാറുണ്ട്. ഇതു പരംതീർന്ന അജ്ഞതയും സത്യനിഷേധവുമാകുന്നു. മാർച്ച് 25–ന് വി. ഗബ്രിയേൽ മാലാഖാ ഈ സുവാർത്ത പരിശുദ്ധ കന്യകയെ അറിയിക്കുകയും അവൾ അതു അനുസരണയോടെ സ്വീകരിക്കുകയും ചെയ്തു എന്ന് വിശ്വസിക്കുന്ന ഏവരും കർത്താവിന്റെ ജനനം ഡിസംബർ 25 –ന് തന്നെ എന്ന് നിശ്ചയമായും സമ്മതിച്ച് ഏറ്റുപറയണം. ഈ അത്ഭുതജനനത്തിന്റെ മുൻകുറിയായി, ദൈവികവാഗ്ദാനങ്ങളും, മുൻകുറിദൃഷ്ടാന്തങ്ങളും സ്പഷ്ടമായ ദീർഘദർശനവും വി. വേദപുസ്തകത്തിൽ ഉണ്ട്. അവ സുപ്രധാനമായും താഴെ പറയുന്നു.

1) സ്ത്രീയുടെ സന്തതി, ശപിക്കപ്പെട്ട മത്സരിയും വഞ്ചകനുമായ സർപ്പത്തിന്റെ തലതകർക്കും (ഉല്പത്തി 3:13–15)

2) വൃക്ഷം നൽകേണ്ടത് വിത്തിനെയൊ, തൈവൃക്ഷത്തെയോ അല്ലയോ? എന്നാൽ വൃക്ഷത്തിൽ കുഞ്ഞാട് ഉണ്ടായി (ഉല്പത്തി 22:13)

3) മഞ്ഞു ഒട്ടും പെയ്യാതെ, ഗിദയോന്റെ ആട്ടിൻതോലിൽ മാത്രം നിറയെ വെള്ളം ഉണ്ടായിരുന്നു. (ന്യായാധി 6:37–38)


4) മോശമുൾപ്പടർപ്പ് കത്തിജ്വലിക്കുന്നത് കണ്ടു. എന്നാൽ അതിൽ ഒരു ഇലപോലും ദഹിച്ചുചാരമാകാതെ അഭംഗം കാണപ്പെട്ടു. (പുറ 3:1–4)

5) മഹത്വദീർഘദർശി ഏശായായോട് ഈ വാഗ്ദാനം സ്പഷ്ടമായി എഴുതുവാൻ ദൈവം കല്പിച്ചു. അങ്ങിനെദീർഘദർശി എഴുതി. "കന്യക ഗർഭിണിയായി മകനെപ്രസവിക്കും" (ഏശായ 7:14–15) അതായത് കന്യക, കന്യകയായിത്തന്നെ ഒരു ശിശുവിനെഅത്ഭുതമായി പ്രസവിക്കും. ഈ പ്രവചനം സംശയിച്ച ഒരു പരിശുദ്ധനായിരുന്നു ശെമ്ഊൻ പിതാവ്. ആകയാൽ ഈ പിതാവിന്ന് ദൈവം ഒരുമ ഹാഭാഗ്യംന ൽകി.' 'നീഇ തുകണ്ട് ബോദ്ധ്യപ്പെട്ടതിനുശേഷമല്ലാതെ, മരണം അനുഭവിക്കുകയില്ല." അങ്ങിനെനൂറ്റാണ്ടുകൾ കടന്നുപോയി. മോർ ശെമ്ഊൻ പിതാവിന്റെ പിൻതലമുറകളിലും അനേക മക്കൾ വൃദ്ധരായി മരിച്ചുപോയി. ആറേഴ് നൂറ്റാണ്ടുകൾ കടന്നുപോയി. കർത്താവിനെകന്യകമറിയാം ബേത്‌ലഹേമിലെ ചെറുഗുഹയിൽ ഡിസംബർ 25–ന് പ്രസവിക്കുകയും, നാല്പതാം ദിവസം ഫെബ്രുവരി 2–ന് കാഴ്ചയുമായി യെറുശലേം ദൈവാലയത്തിൽ ശിശുവായ കർത്താവേശുവിനെവഹിച്ച് മാതാവും യൗസേഫ് പിതാവും വന്നപ്പോൾ പരിശുദ്ധാത്മ നിയോഗത്താൽ വയോവൃദ്ധനായ ശെമ്ഊൻ പിതാവ് ഇതുഗ്രഹിക്കുകയും കർത്താവിനെതന്റെ ഭുജങ്ങളിൽ വഹിച്ചുകൊണ്ട് ആത്മസംതൃപ്തിയോടെ, ഇങ്ങിനെപറയുകയും ചെയ്തു. "ഇപ്പോൾ എന്റെ നാഥാ! അങ്ങ് അടിയനെസമാധാനത്തോടെ പിരിച്ചയക്കണമേ..." (വി. ലൂക്കോസ് 2:22–32)

ലോകത്തിൽ അനേക ബീഭത്സ അവതാരകെട്ടുകഥകളും ഉള്ള പ്രവാചകന്മാരുടെ ജനനവും വിശ്വസിക്കുന്ന കോടാനുകോടി ജനതയുണ്ട്. അവരെ സ്നേഹപൂർവ്വം കർത്താവായ യേശുവിനെഏക രക്ഷണ്യ മനുഷ്യാവതാര സംഭവത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തി, ദൈവ മക്കൾ ആക്കുവാൻ നാം പ്രാഥമികമായി കടപ്പെട്ടിരിക്കുന്നു. അതിന്നാണ് വിശ്വാസപ്രമാണം എല്ലാ ശുശ്രൂഷകളിലും കൂദാശകളിലും പ്രാർത്ഥനകളിലും ഉൽഘോഷിച്ച് വായിക്കുന്നത്. ദൈവത്തിന് സ്ത്രാത്രം. ●



# നാഥന്റെ മരണമൊഴി ക്ഷമാപൂർവം...



**സിസ്റ്റർ എസ്തീന**
**കോ–ഓർഡിനേറ്റർ, സെന്റ് തോമസ് ധ്യാനകേന്ദ്രം**

**ക്ഷമാപണത്തിന്റെ ബലി**

മത്തായി 5:23 “ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവച്ച് ഓർമ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു. ഒന്നാമത് ചെന്ന് സഹോദനോട് നിരന്നുകൊൾക; പിന്നെ വന്ന് നിന്റെ വഴിപാടു കഴിക്ക.” നിനക്ക് ഈ ഭൂമിയിൽ ആരോടെങ്കിലും വെറുപ്പുണ്ടെങ്കിൽന ിരപ്പാകണമെന്നും ാത്ര മല്ല നിന്നോടാർക്കെങ്കിലും വിദ്വേഷമുണ്ടെന്ന് ഓർമ വന്നാൽ ആദ്യം പോയി നിന്റെ സഹോദരനോട് രമ്യപ്പെട്ടതിനുശേഷം ബലിയർപ്പിച്ചാൽ മാത്രമേ ദൈവം സ്വീകരിക്കുകയുള്ളൂ. എന്നെ ഉപദ്രവിച്ചയാൽ എന്നോട് ക്ഷമചോദിക്കട്ടെ, ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ എന്ന ചിന്ത പൈശാചികമാണ്. ആരും നമ്മുടെ സ്നേഹവലയത്തിനുള്ളിൽനിന്നും പുറത്താകാതിരിക്കാൻ ശ്രദ്ധിച്ച് ഐക്യതയിൽമ ുന്നേറുന്നതാണ്്ര കിസ്തീയത.ക്ഷ ചോദിച്ചിട്ടും നിരപ്പാകാരെ കഠിനഹൃദയരായി കഴിയുന്നവരോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത് എന്ന് പലരും എന്നോട് ചോദിച്ചിട്ടുണ്ട്. മത്തായി 5:44 “നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുവിൻ” എന്ന വചനപ്രകാരം ക്ഷമചോദിച്ചിട്ടും നിരപ്പാകാത്ത വ്യക്തികളെ സ്നേഹിക്കുകയും നിരന്തരം അവരെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കുന്ന ദൈവം ശത്രുവനെമിത്രമാക്കി നമ്മുടെ മുന്നിലിരുത്തും.

യൗസേപ്പിനെസ്വന്തം സഹോദരങ്ങൾ മർദിക്കുകയും പൊട്ടക്കിണറ്റിലിടുകയും അവിടെ നിന്നു കയറ്റി മിദ്യാന്യക്കച്ചവടക്കാർക്ക് ഒരു അടിമയെപ്പോലെ വിൽക്കുകയും ചെയ്തു. എന്നാൽ ദൈവം തന്റെ അത്ഭുതകരം നീട്ടി യൗസേപ്പിനെപ്രധാനമന്ത്രിപദത്തിലേക്കുയർത്തി. ഈ യൗസേപ്പിന്റെ മുമ്പിൽ ഭക്ഷണത്തിനുപോലും വകയില്ലാതെ യാചകരെപ്പോലെ നിൽക്കുന്ന സഹോദരങ്ങളോട് ക്ഷമിക്കാനും എളിമപ്പെടാനും കഴിഞ്ഞപ്പോൾ യൗസേപ്പ് തന്റെ സഹോദങ്ങളുടെ ഉത്തരവാദിത്തം മുഴുവനും ഏറ്റെടുത്ത് നടത്തിക്കൊണ്ട് ഉന്നതമായ ജീവിതം ദൈവസന്നിധിയിൽ കാഴ്ചവയ്ക്കുവാൻ കഴിഞ്ഞു. എത്ര ക്ഷമ ചോദിച്ചിട്ടും നിരപ്പാകാത്ത വ്യക്തികൾക്കുവേണ്ടി അനുഗ്രഹിച്ച് പ്രാർത്ഥിക്കുകമാത്രം ചെയ്യുക. ദൈവം അവരുടെ കാര്യം നോക്കിക്കൊള്ളും. എളിമപ്പെടാനും ക്ഷമിക്കാനും കഴിയാതെ സ്വാർത്ഥതയിലും അഹങ്കാരത്തിലും കഴിയുന്നവരാണ് ഏറ്റവും നികൃഷ്ട പാപികൾ. അവർ നാടിനും വീടിനും ഭൂമിക്കും ശാപമാണ്. കൊടുപാതകം ചെയ്തവരോടുപോലും ക്ഷമകൊടുത്തും ക്ഷമ സ്വീകരിച്ചും ദൈവീക സമാധാനത്തിൽ കഴിയുന്നവരാണ് ശ്രേഷ്ഠരും വിശുദ്ധരുമായ മഹദ്‌വ്യക്തികൾ.

**ക്ഷമാപണത്തിന്റെ മരണമൊഴി**

ലൂക്കോ 23:34 “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ” കാൽവറി ക്രൂശിൽ നിന്നുള്ള യേശുനാഥന്റെ ഈ മരണമൊഴി ഏതു കഠിനഹൃദയത്തെയും അലിയിപ്പിക്കുന്നതാണ്. ഇന്നോളം ഈ ഭൂമിയിൽ ജനിച്ചിട്ടുള്ളവരുടേയും ഇനി ജനിക്കാനിരിക്കുന്നവരുടേയും പാപങ്ങൾ മുഴുവനും സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങിക്കൊണ്ട് യേശുനാഥൻ സർവരുടേയും പാപപരിഹാരത്തിനായി കാൽവറിയുടെ ഉച്ചിയിൽ ബലിയായി അർപ്പിക്കപ്പെട്ടു. വലിയ കൊലക്കുരിശുമേന്തി കാൽവറിമല കയറിയപ്പോൾ ശരീരത്തിലേറ്റ ചാട്ടവാറടികളാൽ ശരീരം മുഴുവനും ഉഴവുചാൽപോലെ രക്തച്ചാലുകൾ രൂപപ്പെട്ടു. മാംസക്കഷണങ്ങൾ ചിന്നിച്ചിതറി പറിഞ്ഞുതൂങ്ങിക്കിടന്നു. തിരുച്ചോര ഉഴവുചാലിലൂടെ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. കൈകാലുകൾ മരക്കുരിശോട് ചേർത്ത് കാരിരുമ്പാണികൾ അടിച്ചുകയറ്റുകയും ചെയ്തു.

തുടരും...

# കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത




മാന്നാർ, ചാലുപറമ്പിൽ പരേതനായ സി.എ. തോമസിന്റെയും വെളിയനാട് പുത്തൻ കളത്തിൽ അമ്മിണി തോമസിന്റെയും നാലാമത്തെ പുത്രനായി 1964 ജനുവരി 16–ാം തീയതി അഭി. പിതാവ് ഭൂജാതനായി. മാന്നാർ എം.ഡി.എൽ.പി. സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും തേവേരി സെന്റ് തോമസ് സ്കൂളിൽ നിന്ന് ഹൈസ്കൂൾ പ്രാഥമീക വിദ്യാഭ്യാസവും റാന്നി സെന്റ് തോമസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും തിരുവല്ല മർത്തോമ കോളേജിൽ നിന്ന് ധനതതശാസ്ത്രത്തിൽ ബി.എ.യും പ്രശസ്തമായ ഇൻഡോർ ക്രിസ്ത്യൻ കോളേജിൽ നിന്ന് എം.എ.യും വിജയകരമായി പൂർത്തീകരിച്ചു. തുടർന്ന് ഐയർലൻഡിലെ ദുബ്ലിൻ ഹോളിഗോസ്റ്റ് മിഷനറി കോളേജിൽ നിന്ന് ബി.ഡി.യും കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്ന് എംടിഎച്ച് ഉം പൂർത്തീകരിച്ചു. പെരുമ്പള്ളി സെമിനാരി മലേക്കുരിശ് ദയറാ എന്നിവിടങ്ങളിൽ നിന്ന് സെമിനാരി വിദ്യാഭ്യാസം പൂർത്തീകരിച്ചു. 1975 ജനുവരി 28–ന് കാലം ചെയ്ത എബ്രഹാം മോർ ക്ലീമീസ് തിരുമേനിയിൽ നിന്ന് വെളിയനാട് സെന്റ് മേരീസ് പള്ളിയിൽ വച്ച് ശെമ്മാശപട്ടവും 1980 ആഗസ്റ്റ് 28 ന് മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് പുണ്യശ്ലോകനായ എബ്രഹാം മോർ ക്ലീമീസ് യാക്കോബ് മോർ തീമോത്തിയോസ്, തോമസ് മോർ തെയോഫിലോസ് എന്നീ പിതാക്കന്മാർ ചേർന്ന് വൈദീക പട്ടം നൽകി 82–84 കാലഘട്ടങ്ങളിൽ പരി. പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിയായിരുന്നു. 2007 ജനുവരി 21–ന് ക്നാനായ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി റമ്പാനായി വാഴിച്ചു. 2007 ഫെബ്രുവരി 2–ാം തീയതി ദമാസ്കസിൽ വച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ തിരുമേനിയായി വാഴിച്ചു. ഇപ്പോൾ ക്നാനായ ഭദ്രാസനത്തിൽ കല്ലിശ്ശേരി മേഖലയുടെ മെത്രാപ്പോലീത്തയായി പ്രവർത്തിക്കുന്നു.

യാക്കോബായ സുറിയാനി സഭയിലെ ശ്രേഷ്ഠ പിതാക്കന്മാരെക്കുറിച്ചുള്ള ലഘുവിവരണത്തിൽ അടുത്ത ലക്കത്തിൽ അഭിവന്ദ്യ കുര്യാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയെക്കുറിച്ചുള്ള ലഘുവിവരണം പ്രസിദ്ധീകരിക്കുന്നതാണ്.

ചീഫ് എഡിറ്റർ

## സെന്റ് ഏലിയാസ് മെഡലിന് അർഹരായി





മഞ്ഞിനിക്കര കാൽനട തീർത്ഥയാത്രയിൽ തുടർച്ചയായി 30 വർഷത്തിലേറെ പങ്കെടുക്കുവാൻ ഭാഗ്യം സിദ്ധിച്ച നമ്മുടെ ഇടവകയിലെ മാലായിൽ ജോഷി, ചാക്കോ എന്നിവർ തീർത്ഥയാത്രാസംഘം വടക്കൻ മേഖലയുടെ സെന്റ് ഏലിയാസ് മെഡൽ ഇടവകമെത്രാപ്പോലീത്തായും എപ്പിസ്കോപ്പൽ സെക്രട്ടറിയുമായ അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും മഞ്ഞിനിക്കര ദയറായിൽ നടത്തിയ പാത്രിയർക്കാ ദിനാഘോഷ വേദിയിൽ വച്ച് സ്വീകരിക്കുന്നു.

# സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ



മെസപ്പൊട്ടോമ്യയിലെ അമീദ് പട്ടണത്തിനടുത്തുള്ള ശ്യഹറെ എന്ന സ്ഥലത്തെ കഫർസൊ ഗ്രാമമാണ് ജന്മസ്ഥലം. അബാക്കർ കുടുംബത്തിൽ സൽബിയുടേയും നബൂനയുടേയും മകനായി 1854 ജനുവരി മാസം 1-ാം തീയതി സ്ലീബാ ഭൂജാതനായി. 1908-ൽ പരിശുദ്ധ അബ്ദേദാലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്തയായി വാഴിച്ച് സിഹാസനപ്രതിനിധിയായി നിയമിച്ചു. വട്ടശ്ശേരിൽ മാർ ദീവന്ന്യാസ്യോസും പരിശുദ്ധപാത്രിയർക്കീസ് ബാവയുമായുള്ളതായ തർക്കങ്ങളും വ്യവഹാരങ്ങളും മൂർച്ചിച്ചതോടെ സഭയുടെ പൂർവ്വീകവിശ്വാസത്തിൽ നിലനിന്നിരുന്ന വിശ്വാസികളുടെ അത്മീകാവശ്യങ്ങൾ നിറവേറ്റുന്നതിന് ആർത്താറ്റു വലിയപള്ളിയിൽ തടസ്സം നേരിട്ടതിനാൽപരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയുടെ നേരിട്ടുള്ള ഭരണത്തിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് കുന്നംകുളത്തെ വിശ്വാസികൾ ആഗ്രഹിച്ചതനുസരിച്ച് വിശുദ്ധ അന്തോഖ്യാസിഹാസനത്തിനുവേണ്ടി മാർ ഒസ്ത്താത്തിയോസ് ബാവായുടെ പേരിൽ വാങ്ങിയ സ്ഥലത്ത് 1920 ഒക്ടോബർ 20-ാം തീയതി ആർത്താറ്റ് സിംഹാസനപള്ളിക്ക് ബാവാ തറക്കല്ലിട്ടു. മാർ കൗമ്മാ എന്ന വിശുദ്ധന്റെ തിരുശേഷിപ്പ് ബാവാ വാഴ്ത്തി നൽകിയ വെള്ളം കുടിച്ച് നിരവധി രോഗികൾ സൗഖ്യം പ്രാപിച്ചു വന്നു.

1930 മാർച്ച് 19-ാം തീയതി കാലം ചെയ്ത് കുന്നംകുളം ആർത്താറ്റ് സിംഹാസനപള്ളിയിൽ അടക്കപ്പെട്ടു. പരി. പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഈ പിതാവിന്റെ കബറിടം മലങ്കരയിലെ ഒരു പ്രധാനതീർത്ഥാടനകേന്ദ്രമാണ്.



മഞ്ഞിനിക്കര കാൽനട തീർത്ഥയാത്ര കത്തീഡ്രലിൽ നിന്നും ഭദ്രദീപം കൊളുത്തി അഭി. ഇടവക മെത്രാപ്പോലീത്ത യാത്രയാക്കുന്നു.

# മുതിർന്ന തലമുറയുടെ സംഗമം ആഘോഷിച്ചു







വാർദ്ധക്യം ദൈവം തന്ന ദാനമാണ്, അത് സന്തോഷത്തോടെ സ്വീകരിക്കണം. പുതു തലമുറയ്ക്ക് സ്നേഹം വാൽസല്യം പകർന്ന് നൽകി അവരെ സുരക്ഷിത ബോധമുള്ളവരാക്കണം. ലക്ഷ്യബോധമുള്ള തലമുറ വളർന്നു വരാൻ മുതിർന്ന തലമുറയുടെ കരുതലുണ്ടാവണമെന്ന് കുര്യാക്കോസ് മോർ ദീയസ്കോറോസ് മെത്രാപ്പോലീത്ത. ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രമായ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ മുതിർന്ന തലമുറയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു. രാവിലെ അഭിവന്ദ്യ തിരുമേനി വിശുദ്ധ കുർബാന അർപ്പിച്ചു. ചടങ്ങിൽ ഫാ. കുര്യാക്കോസ് കണിയത്ത് അദ്ധ്യക്ഷത വഹിച്ചു. ഫാ. എബി വർക്കി, ഫാ. ജേക്കബ് കുരുവിള, ഫാ. ബേസിൽ ബേബി, പി.പി. തങ്കച്ചൻ, ട്രസ്റ്റിമാരായ ഷെവലിയാർ സി.എം. കുര്യയൻ, എം.വി. വർഗീസ്, ചാരിറ്റി സർവീസ് സ്കീം സെക്രട്ടറി എം.വി. ജോണി എന്നിവർ സംസാരിച്ചു. ഏറ്റവും പ്രായം കൂടിയ കുരീക്കപ്പറമ്പിൽ കുര്യാക്കോസ്, തുരുത്തിയിൽ ശോശാമ്മ ചെറിയാൻ എന്നിവരെ മെത്രാപ്പോലീത്ത പൊന്നാട അണിയിച്ച് ആദരിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും സമ്മാനദാനവും നടന്നു.

## കരിങ്ങാച്ചിറ ബൈബിൾ കൺവൻഷൻ

നമ്മുടെ കത്തീഡ്രലിന്റെ നേതൃത്വത്തിൽ വലിയ നോമ്പിനോടനുബന്ധിച്ച് നടത്തുന്ന സുവിശേഷ മഹായോഗം ഏപ്രിൽ മാസം 10–ാം തീയതി ആരംഭിച്ച് 15–ാം തീയതി സമാപിക്കും. അഭിവന്ദ്യ കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. യോഗദിവസങ്ങളിൽ വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും തുടർന്ന് ഗാനശുശ്രൂഷയും, 7 ന് വചനപ്രഘോഷണവും നടക്കും. സുവിശേഷയോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.


# മഞ്ഞനിക്കര കാൽനട തീർത്ഥാടകർക്ക് ഒരു ആശ്വാസമായി യൂത്ത് അസോസിയേഷൻ പ്രവർത്തകർ





മഞ്ഞനിക്കരപ രിശുദ്ധനായഏ ലിയാസ്ത്ര തിതീയൻബ ാവായുടെക ബറിങ്കലേക്കുള്ള തീർത്ഥയാത്രികർക്ക് സഹായ ഹസ്തമായി കരിങ്ങാച്ചിറ യൂത്ത് അസോസിയേഷന്റെ പ്രാഥമിക ചികിത്സാ യൂണിറ്റ് പുറപ്പെട്ടു. രാപ്പകൽ വ്യത്യാസമില്ലാതെ അനേകായിരം വിശ്വാസികൾക്ക് യൂത്ത് അസോസിയേഷൻ പ്രവർത്തകർ പ്രാഥമിക ചികിത്സ നൽകി. ഈ മഹാസംരംഭത്തിനായി യൂത്ത് അസോസിയേഷനെസാമ്പത്തികമായി സഹായിച്ച എല്ലവരോടും പള്ളിഭരണ സമിതിയോടും മരുന്നുകൾ സംഭാവനനൽകിയ വ്യക്തികളോടും, പ്രാഥമിക ചികിത്സാ യൂണിറ്റുകളിൽ ഞങ്ങളോട് സഹകരിച്ച നടമേൽ സെന്റ് മേരീസ് യൂത്ത് അസോസിയേഷൻ, കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് യൂത്ത് അസോസിയേഷൻ പ്രവർത്തകരോടും നന്ദി രേഖപ്പെടുന്നു.

## അനീദെ ഞായർ ആചരിച്ചു

സുറിയാനി സഭയുടെ പാരമ്പര്യം അനുസരിച്ച് വലിയ നോമ്പിന് മുമ്പ് വരുന്ന ഞായറാഴ്ച പരേതരായ എല്ലാവരേയും പൊതുവായി ഓർക്കുന്ന ശുശ്രൂഷ (അനീദെ ഞായർ) നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ നടന്നു. അന്നേദിവസം വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് പള്ളിക്ക് ചുറ്റും പ്രദക്ഷിണവും ശവക്കോട്ടയിൽ പ്രത്യേക ധൂപ പ്രാർത്ഥനയും നടത്തപ്പെട്ടു.





# ഇടവക കലണ്ടർ (ഏപ്രിൽ 2011)

(കുടുംബ യൂണിറ്റ്)


| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | 4<br>സെന്റ് മേരീസ് | 5<br>• മോർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | 6<br>ധ്യാനയോഗം<br>10 മുതൽ 12.30 | 7 | 8 | 9<br>• മോർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| 10<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | 11 | 12<br>ഇസ്രായേൽ | 13<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• മാർബർസൗമ്മാ | 14 | 15 | 16<br>• ബഥാനിയ<br>• മാർ സ്തേഫാനോസ് |
| 17<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | 18<br>• സെന്റ് അപ്രേം | 19<br>• സെന്റ് ഇഗ്നാത്തിയോസ് | 20<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• സെന്റ് ജോൺസ് | 21 | 22 | 23<br>• ബെത്സെദ |
| 24<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | 25<br>• മോർ പോളിക്കാർപ്പസ് | 26<br>• മാർ ഗ്രിഗോറിയോസ് | 27<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• സെന്റ് പീറ്റേഴ്സ് | 28 | 29 | 30 |

## കർത്താവിൽ നിദ്രപ്രാപിച്ചു

1. തിരുവാങ്കുളം പട്ടശ്ശേരിൽ ചാക്കോ അബ്രഹാം 80 കർത്താവിൽ നിദ്രപ്രാപിച്ചു.
2. ചിത്രപ്പുഴ പനച്ചിയിൽ അന്നമ്മ ഔസേഫ് 79 കർത്താവിൽ നിദ്രപ്രാപിച്ചു.


ഇടവകയുടെ ആദരാഞ്ജലികൾ

## പാവനസ്മരണയ്ക്ക്
### 10-ാം ചരമവാർഷികം (13.04.2011)



**പി.കെ. യോഹന്നാൻ**
പൊറ്റത്ത് ഹൗസ്, തിരുവാങ്കുളം

## പാവനസ്മരണയ്ക്ക്
### 1-ാം ചരമവാർഷികം (01.03.2011)



**കെ.പി. മാത്തൻ**
കാവരയിൽ, പള്ളിപറമ്പ്

# വെണ്ണിക്കുളം സെന്റ് ജോർജ്ജ് ഹൈസ്കൂൾ വാർഷികം ആഘോഷിച്ചു




കരിങ്ങാച്ചിറ. വെണ്ണി ക്കുളം സെന്റ് ജോർജ്ജ് ഹൈസ്കൂളിന്റെ 59-ാമത് വാർഷികവും, എസ്. എസ്.എൽ.സി വിദ്യാർത്ഥികളുടെ യാത്രയയപ്പും സമസ്ത കേരള സാഹിത്യ പരിഷത്ത് സെക്രട്ടറിയും പത്ര പ്രവർത്തകനുമായ എം.വി ബെന്നി ഉദ്ഘാടനം ചെയ്തു. കുട്ടികൾ അവതരിപ്പിച്ച സ്റ്റേജ് ഷോ വർണോത്സവ് 2011 പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ പ്രദീപ് പള്ളുരുത്തി ഉദ്ഘാടനം ചെയ്തു. ഫാ. ബേസിൽ ബേബി സന്ദേശം നൽകി. ചടങ്ങിൽ സ്കൂൾ മാനേജർ ഷെവലിയാർ സി.എം. കുരിയൻ അദ്ധ്യക്ഷത വഹിച്ചു. കത്തീഡ്രൽ ട്രസ്റ്റി എം.വി വർഗീസ് സമ്മാനദാനം നിർവഹിച്ചു. തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഏലിയാമ്മ ചാക്കോ, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യസ്റ്റാന്റിഗ് കമ്മിറ്റി ചെയർപേഴ്സൺ രാധാമണി വിജയൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.ഒ.തങ്കപ്പൻ, ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ അല്ലി ജെയിംസ്,ഹെഡ്മിസ്ട്രസ് പൂബി ജേക്കബ്, പി.ടി.എ പ്രസിഡന്റ് പി.കെ ഷൺമുഖൻ, സ്കൂൾ മുൻമാനേജർ കെ.സി.ജോസഫ്, സ്കൂൾ ബോർഡ് മെമ്പർമാരായ എം.വി അബ്രഹാം, ജോബ് ടി വർഗീസ്, ജിജി പോൾ എന്നിവർ പ്രസംഗിച്ചു.



തിരുവാങ്കുളം ബദ്സ്സൈദ കുടുംബയൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് അംഗങ്ങളുടെ വീടുകളിൽ ക്രിസ്തുമസ് കരോൾ നടത്തപ്പെട്ടു.

**പാവനസ്മരണയ്ക്ക്**

**21-ാം ചരമവാർഷികം (08.03.2011)**



**സി.വി. സന്തോഷ്**

ചെറുമുട്ടത്ത്, ഇരുമ്പനം

യൂത്ത് അസോസിയേഷന്റെ ആദരാഞ്ജലികൾ

# വിജ്ഞാനകൗതുകം

ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ

1. സാമൂഹ്യ നീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആൾ?
   a. യെശയ്യാവ് b. സെബന്യാവ് c. ആമോസ്
2. വീതക്കാരന്റെ ഉപമയിൽ വിത്ത് എന്തിനെസൂചിപ്പിക്കുന്നു?
   a. ദൈവവചനം b. ദൈവാരാധന c. ദൈവീകപുണ്യം
3. യരുശലേമിലെ ഒന്നാമത്തെ എപ്പിസ്കോപ്പ?
   a. വി. ഇഗ്നാത്തിയോസ് b. വി. കൂറിലോസ് c. വി. യാക്കോബ്
4. ഉദയംപേരൂർ സുന്നഹദോസ് നടന്നത് ഏത് വർഷത്തിൽ?
   a. എഡി 1653 b. എഡി 1599 c. എഡി 1665
5. വിജ്ഞാനഗ്രന്ഥം എന്നറിയപ്പെടുന്ന പുസ്തകം എന്ത്?
   a. സങ്കീർത്തനങ്ങൾ b. ഈയ്യോബ് c. വെളിപ്പാട്
6. 'ത്രോണോസ്' എന്ന വാക്കിന്റെ അർത്ഥമെന്ത്?
   a. ബലി കഴിക്കപ്പെടുന്നസ്ഥലം b. കർത്താവിന്റെ മേശ c. സിംഹാസനം
7. മലങ്കരയിൽ സണ്ടേസ്കൂൾ പ്രസ്ഥാനം ആരംഭിച്ചത് ഏത് വർഷത്തിൽ?
   a. 1920 b. 1930 c. 1900
8. വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകൾ തിരുശരീര രക്തങ്ങളായി തീരുന്നതെപ്പോൾ?
   a. പടിഞ്ഞാറോട്ട് എഴുന്നള്ളിച്ചുവരുമ്പോൾ b. തുബ്ദേൻതൊട്ടുമുമ്പ്
   c. മറയിട്ട് 'അൻപുചോറന' എന്ന ഗീതം ചെല്ലുന്ന സമയത്ത്
9. മലങ്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ പാത്രിയർക്കീസ് ബാവ?
   a. പത്രോസ് 3-ാമൻ b. ഏലിയാസ് 3-ാമൻ c. യാക്കോബ് 3-ാമൻ

ഫെബ്രുവരി ലക്കം വിജ്ഞാനകൗതുകം ഉത്തരങ്ങൾ 1. സി, 2. ബി, 3. എ, 4. സി, 5. ബി, 6.എ, 7. ബി, 8. സി, 9. ബി *(ഫെബ്രുവരി ലക്കത്തിൽ വിജയികൾ ഇല്ല)*

*ഇവിടെ മുറിക്കുക*

| | | | |
|---|---|---|---|
| 1. | A ☐ | B ☐ | C ☐ |
| 2. | A ☐ | B ☐ | C ☐ |
| 3. | A ☐ | B ☐ | C ☐ |
| 4. | A ☐ | B ☐ | C ☐ |
| 5. | A ☐ | B ☐ | C ☐ |
| 6. | A ☐ | B ☐ | C ☐ |
| 7. | A ☐ | B ☐ | C ☐ |
| 8. | A ☐ | B ☐ | C ☐ |
| 9. | A ☐ | B ☐ | C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.03.2011.

പേര് ..............................

വിലാസം ..............................

..............................

..............................

ഫോൺ ..............................

കുടുംബയൂണീറ്റ് ..............................


# വി. കുമ്പസാരം നേരത്തെ നടത്തുക

വലിയനോമ്പിനോടനുബന്ധിച്ച് വിശുദ്ധ കുമ്പസാരം നടത്തുന്നവർ കഷ്ടാനുഭവാഴ്ചയിലേക്ക് നീട്ടിവയ്ക്കാതെ വിശുദ്ധ കുർബ്ബാനയുള്ള ദിവസങ്ങളുടെ തലേദിവസം വൈകുന്നേരം വിശുദ്ധ കുമ്പസാരം നടത്തണമെന്ന് വികാരി അറിയിച്ചു. പെസഹ ബുധനാഴ്ച സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കു മാത്രമേ വി. കുമ്പസാരം അനുവദിക്കുകയുള്ളൂ.




കോട്ടയിൽ ചെറിയാൻ അച്ചന്റെ 1-ാം ചരമവാർഷികത്തോടനുബന്ധിച്ച് അഖിലമലങ്കര അടിസ്ഥാനത്തിൽ മണർകാട് പള്ളിയിൽ വച്ച് നടത്തപ്പെട്ട സുറിയാനി ഗാനമത്സരത്തിൽ നമ്മുടെ കത്തീഡ്രലിലെ കൊയർ അംഗങ്ങൾ. രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് കത്തീഡ്രലിന്റെയും ജോർജ്ജിയൻ വോയ്സിന്റെയും ആശംസകൾ.







സെന്റ് ജോർജ്ജ് പബ്ലിക് ലൈബ്രറിയും വൈ.എം.സി.എ.യും, ബാലരമയും സംയുക്തമായി അഖില കേരള ബാലചിത്രചരനാ മത്സരം സെന്റ് ഗ്രീഗോറിയോസ് ഹാളിൽ ജനുവരി 26 ബുധനാഴ്ച 10 മണിക്ക് നടത്തപ്പെട്ടു. 250-തോളം കുട്ടികൾ പങ്കെടുത്തു.

## ശാലാം 2010 ഡിവിഡി വിൽപനക്ക്

**നമ്മുടെ കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ് ഇവ് പ്രോഗ്രാം ആയ ശാലോം 2010 ന്റെ ഡിവിഡി ഹാലോം ബുക്ക് സ്റ്റാളിൽ നിന്നും 75 രൂപ നിരക്കിൽ ലഭ്യമാണ്.**

26-ാം ചരമവാർഷികം

# പാവനസ്മരണയ്ക്ക്

21.02.2011





**പൗലോസ് പട്ടശ്ശേരിൽ**


കൈപ്പഞ്ചേരി, കരിങ്ങാച്ചിറ

സന്തപ്ത കുടുംബാംഗങ്ങൾ

11-ാം ചരമവാർഷികം

# പാവനസ്മരണയ്ക്ക്

13.03.2011




## C.T. PAULOSE

Chourummakkil

Venmani Kara, Mamala P.O.

സന്തപ്ത കുടുംബാംഗങ്ങൾ

# 17-ാം ചരമ വാർഷികം
# (13.03.2011)



## വി. എം. പൗലോസ്
വെണ്ടറപ്പിള്ളിൽ
ചിത്രപ്പുഴ

സന്തപ്ത കുടുംബാംഗങ്ങൾ

Chief Editor: Baiju Mathara Mob. 9995215999, Printed & Published by : Jimmy Kavara, Mob: 9567112177
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2778415
E-mail: georgianvoices@gmail.com
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356